# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## മലങ്കരശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ അധികാരത്തിലുൾപ്പെട്ട
## അടൂർ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ
## ഡോ.ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പായിൽ നിന്നും

**സർക്കുലർ നമ്പർ: 56**

കർത്താവിൽ പ്രിയരെ,

നമ്മുടെ ഭദ്രാസനം ദൈവകൃപയുടെ തണലിൽ 40 വർഷങ്ങൾ പിന്നിട്ട് പുതിയ ചില കർമ്മ പദ്ധതികളോടുകൂടെ വികസനത്തിന്റെ പാതയിലാണ്. വിദേശത്തുള്ള രണ്ട് ഇടവകകളുൾപ്പെടെ 92 ഇടവകകളാണ് അടൂർ ഭദ്രാസനത്തിലുള്ളത്. സജീവ സേവനത്തിലുള്ള 64 പട്ടക്കാരും സജീവസേവനത്തിൽനിന്നും വിരമിച്ച 25 പട്ടക്കാരും 11 സുവിശേഷകരും ഭദ്രാസനത്തിന്റെ പ്രേക്ഷിതവേലയിൽ ഏറെ സഹായിക്കുന്നു. സഭാ ജനങ്ങളിൽ നിന്നും നിർല്ലോഭമായ സഹായ സഹകരണങ്ങളാണ് ലഭിക്കുന്നത്.

കേരളത്തിനു വെളിയിലുള്ള സത്യവാടി, ഗഡ്ഗേശ്വർ മിഷൻ ഫീൽഡുകളെ കൂടാതെ കേരളത്തിൽ തറയിൽക്കടവ്, പുതുപ്പള്ളി, മണിവേലിക്കടവ്, പുന്നല, കുന്നത്തൂർ, പൂതങ്കര തുടങ്ങിയ പ്രദേശങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. കുട്ടികളുടെ വിദ്യഭ്യാസ പുരോഗതി ലക്ഷ്യമിട്ട് ട്യൂഷൻ സെന്ററുകൾ, ആരോഗ്യപരിപാലന ശുശ്രൂഷകൾ, തൊഴിൽ പരിശീലന പദ്ധതികൾ മുതലായവ ക്രമീകൃതമായി നടക്കുന്നു.ആശാഭവൻ, ഗുരുകുലം, ശാന്തിമന്ദിരം എന്നീ സ്ഥാപനകൾ അനുഗ്രഹകരമായി പ്രവർത്തിക്കുന്നു.

കോവിഡ്-19 വൈറസ് വ്യാപനത്തിന്റെ പരിണിത ഫലമായി കഴിഞ്ഞ ഒരു വർഷം നമ്മുടെ പ്രവർത്തനങ്ങൾ അതതു സമയങ്ങളിൽ അനുവദനീയമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് നടത്തപ്പെടുന്നത്. ഭദ്രാസനതല കൂടിവരവുകൾ ഓൺ ലൈൻ മാധ്യമങ്ങളിലൂടെ ക്രമീകൃതമായി നടന്നുവരുന്നു. പ്രീമാരിറ്റൽ & പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ്, മാസാന്ത്യ ധ്യാനയോഗം, വിജയവഴി ക്ളാസുകൾ, പട്ടക്കാർക്കായുള്ള ഏവൻഗേലിയോൻ പഠനകൂട്ടായ്മ, സംഘനകളുടെ പ്രോഗ്രാമുകൾ സുവിശേഷകരുടെ കൂടിവരവ് തുടങ്ങിയവ ഓൺലൈനായും കഴിയുന്ന സാഹചര്യങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഒരുമിച്ച് കൂടിയും അനുഗ്രഹകരമായി നടന്ന് വരുന്നു. ഭദ്രാസന കൺവൻഷൻ, കുടുംബസംഗമം എന്നീ കൂടിവരവുകൾ നിയന്ത്രിതമായ അംഗസംഖ്യയോടെ നടത്തപ്പെട്ടു.

കലയപുരം മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂളിൽ ഓൺലൈനായി ക്ലാസ്സുകൾ പ്രവർത്തിച്ച് വരുന്നു. സ്കൂൾ കെട്ടിട നിർമ്മാണം അതിന്റെ അന്തിമഘട്ടത്തിലെത്തി നിൽക്കുന്നു. ഭദ്രാസന അസംബ്ളിയുടെ തീരുമാനപ്രകാരം ഇലപ്പിക്കുളത്ത് ഭദ്രാസനത്തിന് സൗജന്യമായി ലഭിച്ച 44 സെന്റ് സ്ഥലത്ത് വയോജന/സാന്ത്വന പരിപാലനശുശ്രൂഷ നടത്തുവാൻ തക്കതായ ഒരു സ്ഥാപനം ഏറെ പ്രാർത്ഥനയോടെ നിർമ്മാണം ആരംഭിച്ചു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ആ സെന്ററിൽ ഒരു വ്യക്തിയെ പാർപ്പിക്കുന്നതിനുള്ള ഇടത്തിന് (One Bed Space) രണ്ടര ലക്ഷം രൂപ വീതം ചിലവ് പ്രതീക്ഷിക്കുന്നു. അങ്ങനെ അശരണയായ ഒരു വ്യക്തിയെ അവരുടെ ആയുഷ്കാലം മുഴുവൻ സംരക്ഷിക്കുന്നതിനുള്ള ഇടം സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

ഭദ്രാസന കൗൺസിലിന്റെ നിശ്ചയപ്രകാരം ഈ വർഷത്തെ ഭദ്രാസന ദിനത്തോടനുബന്ധിച്ചുള്ള **ഭദ്രാസന വികസനഫണ്ട് സമാഹരണം** ഈ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വേർതിരിച്ചിരിക്കുന്നു. **2021 ഒക്ടോബർ മാസം 10-ാം തീയതി ഞായറാഴ്ച ഈ വർഷത്തെ ഭദ്രാസനദിനമായി ആചരിക്കുന്നതിന് ക്രമീകരണം ചെയ്യുകയാണ്.**

അന്നേദിവസം പ്രത്യേകം തയ്യാറാക്കിയ ആരാധനക്രമം ഉപയോഗിക്കണം. ഭദ്രാസനദിന സ്തോത്ര കാഴ്ചയിൽ ഏവരും ആത്മാർത്ഥമായി സഹകരിക്കണം. പട്ടക്കാരുടെയും ഇടവക ചുമതലക്കാരുടെയും അസംബ്ളി-മണ്ഡലാംഗങ്ങളുടെയും കമ്മറ്റി അംഗങ്ങളുടെയും നേതൃത്വത്തിൽ കമീകരണം ചെയ്ത് ഭദ്രാസന വികസന ഫണ്ട് സമാഹരിക്കണം. കഴിയുമെങ്കിൽ ഭവനങ്ങൾ സന്ദർശിക്കുന്നത് ഉചിതമാണ്. ഭദ്രാസനദിനാചരണം ഭദ്രാസന പ്രവർത്തനങ്ങളെ ഓരോ കുടുംബത്തിനും പരിചയപ്പെടുത്തികൊടുക്കുവാനും പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുവാനും സഹായിക്കുവാനുമുള്ള അവസരമാണ്.

ഭദ്രാസനഫണ്ട് ശേഖരണത്തിനായി ........................................................................................ ആ ഇടവക സന്ദർശിക്കുന്നതാണ്. ആ ഇടവകയിൽ നിന്ന് പ്രതീക്ഷിക്കുന്ന തുക.................... രൂപാ ആയിരിക്കും. ഇക്കാര്യത്തിൽ ഏവരുടെയും ആത്മാർത്ഥമായ സഹകരണം ഉറപ്പാക്കണം. ഭദ്രാസന ദിനാചരണത്തിലൂടെ ഒരു നവചൈതന്യം നമ്മുടെ ഭദ്രാസനത്തിൽ ആകമാനം ഉണ്ടാകുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന്,

ക്രിസ്താബ്ദം 2021 സെപ്റ്റംബർ മാസം 16–ാം തീയതി അടൂർ ഹെർമ്മോൻ അരമനയിൽ നിന്നും.




**ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**